കർഷകരുടെ ആവശ്യാനുസരണം സംസ്ഥാനത്തൊട്ടാകെയുള്ള കൃഷി ഭവനുകൾ വഴി കിലോയ്ക്ക് 18 രൂപ നിരക്കിൽ വിത്ത് എത്തിച്ചു കൊടുക്കുകയും ചെയ്തുവരുന്നു. കൂടാതെ 2009-2010 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കുട്ടനാട് പാക്കേജിൽപ്പെടുത്തി വിത്തു ഗ്രാമം പദ്ധതി മുഖാന്തിരം കുട്ടനാട് മേഖലയിൽ ഉൾപ്പെട്ട ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കർഷകരെ ഗുണമേൻമയുള്ള നെല്ല് ഉൽപ്പാദനത്തിന് പ്രാപ്തരാക്കുന്നതിനായി കിലോഗ്രാമിന് 10 രൂപ 50 പൈസ സഹായം നൽകി വിത്ത് വിതരണവും, ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ വിത്തു സംഭരിച്ചു വയ്ക്കുന്നതിനുള്ള ഗോഡൗൺ നിർമ്മാണത്തിനും മറ്റുമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും 4.515 കോടി രൂപ സീഡ് അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. ഈ 4 ജില്ലകളിലായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കേരളത്തിലെ മറ്റു ജില്ലകളിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും 2009-2010 സാമ്പത്തിക വർഷത്തിൽ തന്നെ 6.06 കോടി രൂപ 2010-11 സാമ്പത്തിക വർഷത്തിലേയ്ക്കായി സീഡ് അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. പയർ വർഗ്ഗങ്ങളുടെ വിത്തുൽപ്പാദനത്തിന് സർട്ടിഫൈഡ് വിത്തു വിതരണവും പരിശീലനവും കൂടി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വിത്തുൽപ്പാദന പരിപാടികൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച സീഡ് അതോറിറ്റിയുടെ പ്രവർത്തനം തുടക്കത്തിൽ ഉണ്ടായിരുന്നതിന്റെ പതിൻമടങ്ങ് വർദ്ധിപ്പിച്ച് കർഷകർക്ക് ആവശ്യമായ ഗുണമേൻമയുള്ള വിത്ത് അതാത് സമയങ്ങളിൽ സംസ്ഥാനത്തൊട്ടാകെ എത്തിച്ചുവരുന്നു. നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മെച്ചപ്പെട്ട ഇനം നെൽവിത്തുകൾ സബ്സിഡി നിരക്കിൽ കൃഷി വകുപ്പിന്റെയും ത്രിതല പഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി

17 (*437) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 വർഷം കാർഷിക ഉത്പാദനം മുൻകാലങ്ങളെക്കാൾ വർദ്ധിച്ചിട്ടുണ്ടോ ;

(ബി) കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കാർഷിക മേഖലയ്ക്ക് ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയ്ക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) ഉണ്ട്.

(ബി) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാനായി സംസ്ഥാനത്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. തരിശുനില കൃഷി
2. കരനെൽ കൃഷി
3. നെല്ലിന്റെ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
4. വിദ്യാലയങ്ങളിൽ നെൽകൃഷി
5. ഭക്ഷ്യസുരക്ഷാ പദ്ധതി
6. നെൽകൃഷിക്കാർക്ക് പലിശ രഹിത വായ്പ
7. നെല്ല് സംഭരണം
8. നെൽകർഷകർക്ക് ഇൻഷുറൻസ്
9. നെൽകർഷകർക്ക് ഗ്രീൻ കാർഡ്
10. നെൽവയൽ നീർത്തട സംരക്ഷണ നിയമം
11. പ്രത്യേക നെല്ലുല്പാദന മേഖലകൾക്കായി പദ്ധതികൾ
12. കർഷക കൂട്ടായ്മയിലൂടെ കേരകൃഷി വികസനം
13. പച്ചത്തേങ്ങ സംഭരണം
14. കേരശ്രീ പദ്ധതി
15. ആയിരം പച്ചക്കറി ഗ്രാമങ്ങൾ
16. ഹരിതശ്രീ പദ്ധതി
17. നാളികേര വിള ഇൻഷുറൻസ് പദ്ധതി
18. ഫലശ്രീ പദ്ധതി
19. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ
20. ജൈവകൃഷി പ്രോത്സാഹന പദ്ധതികൾ
21. കാർഷിക യന്ത്രവൽക്കരണം
22. വിജ്ഞാന വ്യാപന പരിഹാരം.

(സി&ഡി) കാർഷിക അനുബന്ധ മേഖലകളുൾപ്പെടെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 50.28 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly